# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 916 28.04.2017-ൽ മറുപടിക്ക്

### ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് നിയമന അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2014-15 അദ്ധ്യായന വർഷത്തിൽ വിവിധ പഞ്ചായത്തുകളിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇനിയും നിയമന അംഗീകാരം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇക്കാരണത്താൽ പ്രസ്തുത അദ്ധ്യാപകർ വർഷങ്ങളായി ശമ്പളം ലഭിക്കാതെ ജോലി ചെയ്യുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. 2014-15 അധ്യയന വർഷത്തിൽ വിവിധ പഞ്ചായത്തുകളിൽ അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുവാനും ശമ്പളം നൽകുവാനും ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ബി) നിയമനം നടന്ന ആദ്യ രണ്ടു വർഷം ഇവർക്ക് ഗസ്റ്റ് ലക്ചററുടെ ശമ്പള നിരക്കിൽ വേതനം നൽകാൻ സർക്കാർ ഉത്തരവ് നൽകിയിരുന്നോ;എങ്കിൽ പ്രസ്തുത വേതനം ഇവർക്ക് ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) തസ്തിക സൃഷ്ടിക്കുന്നതുവരെ ഗസ്റ്റ് ലക്ചററെ നിയമിച്ച് വേതനം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത വേതനം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) അടുത്ത അദ്ധ്യായന വർഷത്തിൽ രജിസ്റ്ററിൽ ഒപ്പിട്ടു ജോലി ചെയ്യുവാൻ പ്രസ്തുത അദ്ധ്യാപകർക്ക് അനുമതി നൽകുമോ; വിശദാംശങ്ങൾ നൽകാമോ ? | (സി) അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന മുറയ്ക്ക് നിയമപ്രകാരം നിയമനം നൽകി മാത്രമേ നിയമനാംഗീകാരം നൽകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.